പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5009

22.05.2017 ൽ
മറുപടിയ്ക്ക്.

## സർക്കാർ, എയിഡഡ് യു.പി.സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകർ

**ചോദ്യം**

ശ്രീ.എം.വിൻസെന്റ്

**ഉത്തരം**

പ്രൊഫ. സി.രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സർക്കാർ, എയിഡഡ് യു.പി.സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകർ നിർബന്ധമാണോ എന്ന് വ്യക്തമാക്കുമോ;

(എ) സർക്കാർ, എയിഡഡ് യു.പി.സ്കൂളുകളിൽ ഹിന്ദി പഠനത്തിനായി തസ്തിക ലഭ്യമായതിനാൽ അദ്ധ്യാപകർ നിർബന്ധമായും ഉണ്ടായിരിക്കണം.

(ബി) ശാസ്താംകോട്ട എ.ഇ.ഒ യുടെ പരിധിയിൽപ്പെട്ട കണത്താർകുന്നം സെന്റ് ആൻഡ്രൂസ് യു.പി.സ്കൂളിൽ 2013 മുതൽ ജോലിചെയ്തുവരുന്ന ഏക ഹിന്ദി അദ്ധ്യാപിക ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ മാനേജ്മെന്റ് നിയമനം സർക്കാർ അംഗീകരിക്കാത്തതിന്റെ പേരിൽ പിരിച്ചുവിടാൻ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ ശ്രീമതി ലീലാമ്മ ഫിലിപ്പിനെ കണത്താർക്കുന്നം സെന്റ് ആൻഡ്രൂസ് യു.പി.സ്കൂളിൽ മാനേജർ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുകയും പ്രസ്തുത നിയമനം ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകുകയും ഈ കാലയളവിലെ ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്. 2013-14, 2014-15, 2015-16 വർഷങ്ങളിൽ ടി സ്കൂൾ അൺ ഇക്കണോമിക് സ്കൂളുകളുടെ പരിധിയിൽ ഉൾപ്പെട്ടിരുന്നതിൽ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിച്ച് നൽകുവാൻ കഴിയുകയുള്ളൂ. 2016-17 വർഷത്തിൽ ടി സ്കൂളിൽ നിയമനങ്ങൾ നടത്തിയിട്ടില്ല.

(സി) അൺ ഇക്കണോമിക് ആയ സെന്റ് ആൻഡ്രൂസ് യു.പി.സ്കൂളിൽ ജോലിചെയ്യുന്ന ശ്രീമതി ലീലാമ്മ ഫിലിപ്പിന് ദിവസ വേതനത്തിന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനങ്ങളെല്ലാം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമാണ് അംഗീകരിക്കാൻ കഴിയുന്നത്. എന്നിരുന്നാലും ഒരു ക്ലാസ്സിൽ ശരാശരി 15 വിദ്യാർത്ഥികളുള്ള സ്കൂളുകളിലെ ഇത്തരം ദിവസവേതനാടിസ്ഥാനത്തിൽ നൽകുന്നനിയമനാംഗീകാരം റിവ്യൂ ചെയ്ത് ശമ്പള സ്കെയിലിലേയ്ക്ക് മാറ്റി നൽകാൻ പ്രൈമറി സ്കൂളുകളെ സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസറേയും ഹൈസ്കൂളുകളെ സംബന്ധിച്ച് വിദ്യാഭ്യാസ ഉപ ഡയറക്ടറേയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ഡി) ദിവസവേതനത്തിന് പ്രായപരിധിയുണ്ടോ എന്നു വിശദീകരിക്കാമോ?

(ഡി) റഗുലർ അദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധിയും ഇളവുകളും തന്നെയാണ് ദിവസ വേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനങ്ങൾക്കും ബാധകമായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ